അവതരിപ്പിച്ചാൽ അംഗീകരിക്കുന്ന നടപടിയില്ല... പകരം ഗവൺമെന്റ് ഭാഗത്തു നിന്നും അവതരിപ്പിക്കണം എന്നാണ് ഇന്നത്തെ നടപടിക്രമം. ഇതുൾപ്പെടെ അങ്ങ് പരിശോധിച്ച് ബില്ലുകളുടെ അവതരണം ഒരു പ്രഹസനമായി കാണാതിരിക്കാൻ അങ്ങ് ഒരു തീരുമാനം എടുക്കണം.

മി. സ്പീക്കർ : ബില്ലുകളുടെ കാര്യത്തിൽ ഒരു പ്രധാനപ്പെട്ട പ്രശ്നം അതിന്റെ സമയക്കുറവാണ്. വെള്ളിയാഴ്ച ദിവസം അടിയന്തിര പ്രമേയവും, വാക്കൗട്ടും ഒക്കെ ഉണ്ടെങ്കിൽ പിന്നെ സമയം എല്ലാം പോയി. ഒരു വെള്ളിയാഴ്ച നഷ്ടം. അപ്പോൾ സമയകുറവാണ് ഇതിന്റെ ഏറ്റവും വലിയ പ്രശ്നം, അതിനു വേണ്ടിയിട്ടുള്ള ചില നിർദ്ദേശങ്ങൾ നമ്മുടെ മുമ്പിലുണ്ട്. പക്ഷേ ഇനി ആലോചിച്ചിട്ട് കാര്യമില്ല. കാരണം നിർദ്ദേശം എന്നുപറയുന്നത് വെള്ളിയാഴ്ച എന്നുള്ളത് മാറ്റി വേറൊരു ഫുൾ ഡേ വയ്ക്കണം. അതാണ് ഒരു നിർദ്ദേശം. രണ്ടാമത്തെ കാര്യം, ഇപ്പോൾ ശ്രീ. ബാലൻ വൈദ്യർ പറഞ്ഞതു പോലെ അതിന്റെ ഭാവിയെ സംബന്ധിച്ചോ, അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചോ ഒക്കെയാണ്. അതൊക്കെ നാം കൂട്ടായിട്ട് ചട്ടങ്ങളിലൊക്കെ മാറ്റം വരുത്തി ആലോചിക്കേണ്ട വിഷയമാണ്. പാർലമെന്റിൽ നടക്കുന്ന കാര്യം, മറ്റു സഭകളിൽ നടക്കുന്ന കാര്യം, ഇവിടത്തെ കാര്യം ഇതൊക്കെ ആലോചിച്ച് തീരുമാനിക്കേണ്ട സംഗതിയുണ്ട്. അതോടൊപ്പം ഒരു കാര്യം കൂടി ഞാൻ ചൂണ്ടിക്കാണിക്കാൻ പോകുന്നു. അനിയന്ത്രിതമായിട്ട് ബില്ലുകൾ വരുന്നത് നമുക്ക് ഗുണമല്ല. അതിനും ചില നിയന്ത്രണങ്ങൾ വേണം, ചോദ്യങ്ങൾക്കുപോലും അത് വേണ്ട. ബില്ലുകളുടെ നിലവാരം നോക്കിയിട്ട് തീരുമാനിക്കുന്നതിനുവേണ്ടി ഇതിനൊരു കമ്മിറ്റിയുണ്ട്. ആ കമ്മിറ്റി ഉൾപ്പെടെയുള്ള ആളുകൾ മുൻകൈ എടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇനി ഡിസ്ക്കഷൻ നടത്തി സമയം കളയണ്ട.

(ഓർഡർ...ഓർഡർ) ഞാൻ പറഞ്ഞു, അങ്ങേയ്ക്കു വേണ്ടി കൂടി സൂചിപ്പിച്ചതാണ്. കമ്മിറ്റി ആ രൂപത്തിൽ അതിന്റെ മെരിറ്റിലേക്ക് കടക്കേണ്ടതായിട്ടുണ്ട്. അതിനൊരു പ്രയോറിറ്റി നിശ്ചയിക്കേണ്ടതായിട്ടുണ്ട്. അങ്ങനെ പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ട്. ഭാവിയിൽ അക്കാര്യങ്ങൾ നാം ഗൗരവമായി കണക്കിലെടുക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു. നിയന്ത്രണം വേണം, ഞാൻ പറഞ്ഞു കഴിഞ്ഞു. എന്നാലേ അതിന്റെ ഗുണനിലവാരം ഉയരൂ. തീർച്ചയായിട്ടും.

(2) ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

1. 2000-ത്തിലെ കേരള കുടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 2000-ത്തിലെ കേരള കുടനിർമ്മാണ തൊഴിലാളി ക്ഷേമ നിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക- പട്ടികസമുദായക്ഷേമ വകുപ്പു മന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കു വേണ്ടി പ്രത്യേകം ക്ഷേമനിധി രൂപീകരിക്കാൻ ഗവൺമെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരത്തിൽ ഒരു പ്രത്യേക ബില്ലിന്റെ ആവശ്യം ഉണ്ടെന്നു തോന്നുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി നിരാശാജനകമാണ്. കേരളത്തിലെ വളരെ പ്രധാനപ്പെട്ട ഒരു മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കാര്യമാണ്. പ്രത്യേകിച്ച് എന്റെ മേഖലയിൽ നിരവധി ആളുകൾ ഈ ജോലിയുമായി ബന്ധപ്പെട്ട് ഉപജീവനമാർഗ്ഗം സ്വീകരിക്കുന്നവരായി ഉണ്ട്. കുടകൾ ഇല്ലാത്ത ലോകം നമുക്ക് ചിന്തിക്കാൻ പറ്റുമോ ? കോരിച്ചൊരിയുന്ന മഴയിൽ നിന്നും ചുട്ടുപൊള്ളുന്ന വെയിലിൽ നിന്നും സംരക്ഷണം നേടാനാണ് കുട ഉപയോഗിക്കുന്നത്. അതുപോലെ ആഘോഷ പരിപാടികൾക്ക്, ഉത്സവങ്ങൾക്ക്, ആരാധനാക്രമങ്ങൾക്ക് ഒക്കെതന്നെ ഇന്ന് കുടകൾ ഒരു അത്യാവശ്യ ഘടകമാണ്. വർണ്ണം വിതറുന്ന കുടകളുണ്ട്. ആവശ്യത്തിന് ഉപയോഗിക്കുന്ന കുടകളുണ്ട്. ഈ കുടകളൊക്കെ നിർമ്മിക്കുന്നത് പാവപ്പെട്ട തൊഴിലാളികളാണ്. ഇന്ത്യയിൽ ആകമാനം വിതരണം ചെയ്യുന്ന കുടകളുടെ പ്രധാനപ്പെട്ട കേന്ദ്രമായ പോപ്പികുടയും, ജോൺസും എന്റെ നിയോജകമണ്ഡലത്തിൽ ഉള്ള സ്ഥാപനങ്ങളാണ്. ഞാൻ ആ സ്ഥാപനങ്ങൾക്കു വേണ്ടിയിട്ടല്ല പറയുന്നത്. അവിടെ ജോലിചെയ്യുന്ന തൊഴിലാളികളുടെ ജീവിതരീതി വളരെ കഷ്ടമാണ്. കുടകൾ നിർമ്മിക്കുന്നതിനു മാത്രമല്ല, കുടകളുടെ റിപ്പെയറിംഗ്, അറ്റകുറ്റപ്പണികൾ തീർക്കുക ഇതൊക്കെതന്നെ ചെയ്യുന്നതിന് വളരെ പാടുപ്പെട്ട്, കഷ്ടപ്പെട്ട് ഈ ജോലിയിൽ ഏർപ്പെടുന്ന ആളുകൾക്ക് കിട്ടുന്നത് വളരെ തുച്ഛമായ വരുമാനമാണ്. അവർക്ക് യാതൊരു സംരക്ഷണവും ഇല്ല. ആ തൊഴിലാളികളുടെ കാര്യം വളരെ കഷ്ടമാണ്. ഈ തൊഴിലാളികൾക്ക് സംരക്ഷണം കൊടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകണമെന്നാണ് ഞാൻ ഈ ബില്ലിലൂടെ വ്യവസ്ഥചെയ്യുന്നത്. യൗവനയും, ബാല്യവും ഒക്കെതന്നെ ഈ ജോലിക്കു വേണ്ടി ഉപയോഗിച്ച് അവസാനം ജീവിത സായാഹ്നത്തിൽ എത്തുമ്പോൾ അവർക്ക് ഒരാശ്വാസം എത്തിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കാൻ അവർക്ക് ക്ഷേമനിധിയും പെൻഷൻ ആനുകൂല്യങ്ങളും ഉണ്ടാകണമെന്ന് ആവശ്യപ്പെട്ടു കൊണ്ടുള്ളതാണ് ഈ ബിൽ. തൊഴിലാളി വർഗ്ഗത്തിന്റെ പേരുപറയുന്ന നമ്മുടെ ഗവൺമെന്റ് തൊഴിലാളി ക്ഷേമം ഉറപ്പിക്കും എന്നുപറയുന്ന ഗവൺമെന്റ് അസംഘടിത മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഈ തൊഴിലാളികളെ ക്ഷേമനിധിയിൽ ഉൾപ്പെടുത്താനും, പെൻഷൻ ആനുകൂല്യം ഉൾപ്പെടുന്ന ഒരു സ്കീമിൽപ്പെടുത്താനും ഉള്ള നടപടികൾ സ്വീകരിക്കേണ്ടത് അനിവാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി എല്ലാ ബില്ലിന്റെയും അവതരണാനുമതി തേടുമ്പോഴുള്ള നടപടിയുടെ ഭാഗമായിട്ട് ഇതും പറഞ്ഞിരിക്കുകയാണ്. അത് നിരാശാജനകമായ കാര്യമാണ്. ഭാഗ്യവശാൽ അങ്ങാണ് ഇന്ന് അവതരിപ്പിച്ചിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

കലാകൗമുദിയിൽ എഴുതിയിരിക്കുന്നത് ഈ മന്ത്രിസഭയിലെ ഏക ഗുണമുള്ള മന്ത്രി അങ്ങാണെന്നാണ്. അങ്ങയുടെ ചുമതലയിൽപ്പെട്ടതല്ലെങ്കിലും ഇന്ന് ഇത് അവതരിപ്പിക്കാൻ ഭാഗ്യമുണ്ടായി. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഗവൺമെന്റിന്റെ നിലപാട് പുന:പരിശോധിച്ച്, ഇപ്പോൾ പിരിയാൻ പോകുന്ന ഒരു ഗവൺമെന്റാണല്ലോ, കുട നിർമ്മാണ തൊഴിലാളികളെ സംബന്ധിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടാകണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മി.സ്പീക്കർ : അടുത്ത ദിവസം തുടരാം (ചർച്ച തുടരും)

2. 2001- ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബിൽ

(ശ്രീ. കെ. സി. വേണുഗോപാൽ നോട്ടീസ് നൽകിയത്)

ശ്രീ. കെ. സി. വേണുഗോപാൽ : സർ, 2001-ലെ ആലപ്പുഴ തീരദേശ വികസന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : സർ, നമ്മുടെ സംസ്ഥാനത്തിൽ നിലവിലുള്ള പല വികസന അതോറിറ്റികളുടെയും പ്രവർത്തനങ്ങൾ പൊതുവിൽ പരിശോധിക്കുമ്പോൾ ഫലപ്രദമായിരുന്നില്ല എന്നുള്ളതാണ് അനുഭവം. ഇപ്പോഴാണെങ്കിൽ പ്ലാൻ ഫണ്ടിന്റെ പത്തു നാൽപ്പതു ശതമാനം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് കൊടുക്കുന്നുണ്ട്. അതിനാൽ അവർക്ക് വികസന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടാൻ അവസരമുള്ളതുകൊണ്ട് ഇതുപോലുള്ള അതോറിറ്റിയുടെ ആവശ്യം ഇല്ലെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ഇക്കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്ന് കിട്ടിയ മറുപടി ഒട്ടും ആശാവഹമല്ല. അങ്ങേക്കറിയാം, ഞാൻ ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത് ആലപ്പുഴ പ്രദേശത്തിന്റെ പ്രത്യേകതകൾ. നമ്മുടെ നാട്ടിലും എല്ലാവർക്കും അറിയാം. ഒരു കാലത്ത് 'കിഴക്കിന്റെ വെനീസ്' എന്ന് നമ്മളെല്ലാവരും വിളിച്ചിരുന്ന പട്ടണം, കനാലുകളും കായലുകളും കടൽതീരങ്ങളും കൊണ്ട് പ്രകൃതി അതിന്റെ ഏറ്റവും മനോഹരമായ ഒരു പ്രദേശമാക്കി മാറ്റിയിരിക്കുന്ന പട്ടണം. പക്ഷേ ഇന്ന് ആ പട്ടണത്തിന്റെ അവസ്ഥ അങ്ങേക്കറിയാം. അങ്ങ് തന്നെ ഞങ്ങളൊക്കെ അഭ്യർത്ഥിച്ചതനുസരിച്ച് രണ്ടു മൂന്നു തവണ അതിന്റെ യോഗം വിളിച്ചു കൂട്ടി. ഒരു കാലത്ത് സൗന്ദര്യത്തിന്റെ പ്രതീകമായിരുന്ന ആ കനാലുകൾ ഇന്ന് മാലിന്യകൂമ്പാരങ്ങൾ നിക്ഷേപിക്കാനുള്ള ഡംപിംഗ് യാർഡുകളായിട്ട് മാറിയിരിക്കുകയാണ്. മലയാള സാഹിത്യത്തിലും, മലയാള സിനിമാലോകത്തുമൊക്കെ നിരവധി പ്രതിഭാധനന്മാരെ സംഭാവന ചെയ്ത പ്രദേശമാണ്. മലയാള കവിതാശകലങ്ങളിൽ തന്നെ പുന്നമടക്കായലിനെ കുറിച്ച് എത്രമാത്രം വർണ്ണനകളാണ് ഉള്ളത്. ആ കായലുകളുടെയും

LIBRARY ARCHIVES Kerala Legislative Assembly